## ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ ക്രൈം 2580/16

06.12.2016 തീയതി വൈകുന്നേരം 09.30 മണിയോടെ പൂവൻപാറ കൊച്ചുവീട്ടിൽ കാർത്തികേയൻ മകൻ 33 വയസുള്ള മനു വീട്ട് വരാന്തയോട് ചേർന്ന് മരണപ്പെട്ട നിലയിൽ കാണപ്പെടുകയും, ബൈക്കപകടത്തിലാണ് മരണം സംഭവിച്ചത് എന്ന് വീട്ടുകാരുടെ മൊഴി പ്രകാരം ആറ്റിങ്ങൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. സമീപത്ത് വീണ് കിടന്ന ബൈക്കിനേയും, മനുവിനേയും പറ്റിയുള്ള വിവരണവും ഒരു വാഹന അപകടത്തിന്റെ ലക്ഷണങ്ങളാണ് നൽകിയത്. പക്ഷേ പ്രാഥമിക അന്വേഷണത്തിൽ മനുവിന്റെ തലയിൽ കാണപ്പെട്ട മുറിവ് ഒരു വാഹന അപകടത്തിൽ ഉണ്ടാകാനുള്ള സാധ്യതയിൽ സംശയം തോന്നിയ പോലീസ് രാത്രിയോടെ തന്നെ കൂടുതൽ തെളിവ് ശേഖരണത്തിനായി സ്ഥലം ബന്തവസ് ചെയ്യുകയും, വിശദമായ അന്വേഷണം ആരംഭിക്കുകയും ചെയ്തു. അടുത്ത ദിവസം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂക്ഷിച്ചിരുന്ന മനുവിന്റെ മൃതശരീരം ഇൻക്വസ്റ്റ് ചെയ്തതിൽ തലയിൽ കാണപ്പെട്ട മുറിവ് ആയുധം ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ളതാകയാൽ ഡോക്ടർമാരുടെ വിദഗ്ദ സംഘത്തെക്കൊണ്ട് പോസ്റ്റ്മോർട്ടം നടത്താൻ അപേക്ഷ നൽകുകയും, ടി പരിശോധനയിൽ മൂർച്ചയുള്ള ഒരു ആയുധം ഉപയോഗിച്ച് ഉണ്ടാകാവുന്ന മുറിവായി ഡോക്ടർമാർ അഭിപ്രായപ്പെടുകയും ഉണ്ടായി.

തുടർന്ന് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.ഷെഫീൻ അഹമ്മദ് I.P.S-ന്റെ നേതൃത്വത്തിൽ 3 സംഘങ്ങളായി തിരിഞ്ഞ് അന്വേഷണം ശക്തിപ്പെടുത്തി. മനുവുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിശകലനം ചെയ്ത പോലീസ് മനുവിനോട് വിരോധം തോന്നാവുന്ന സംഭവങ്ങൾ കണ്ടെത്തുകയുണ്ടായി.

മനുവിന്റെ മരണത്തിന് ഏകദേശം 3 ആഴ്ച മുൻപ് മനുവിന്റെ വീട്ട് പരിസരത്തുള്ള കടയിൽ വച്ച് ഒരു മദ്യപസംഘവുമായി ഉണ്ടായ വാക്ക് തർക്കം കയ്യേറ്റത്തിലെത്തിയതായി അന്വേഷണ സംഘത്തിന് ലഭിച്ച സൂചന ഈ കേസ്സിന് പ്രധാന വഴിത്തിരിവായി. ടി സംഭവത്തെക്കുറിച്ചുള്ള കൂടുതൽ അന്വേഷണം കടയ്ക്കാവൂർ പന്തുകളത്തിലുള്ള രാഷ്ട്രീയ പ്രവർത്തകനായ അശോകനിലേക്ക് എത്തുകയും വിശദമായ ചോദ്യം ചെയ്യലിൽ അശോകൻ, മണികണ്ഠൻ എന്നിവർ ആണ് പഴയ തർക്കത്തിൽ ഉൾപ്പെട്ടതെന്നും, ടി വിരോധകാരണത്താൽ മണികണ്ഠനാണ് മനുവിനെ കുത്തിക്കൊലപ്പെടുത്തിയതെന്ന് അന്വേഷണ സംഘത്തിന് ബോധ്യപ്പെട്ടു.

തുടർന്ന് മണികണ്ഠനെപ്പറ്റി അന്വേഷിച്ചതിൽ കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 09.11.2016 തീയതിയിൽ നടന്ന വൃദ്ധയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് (കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ 1607/2016) ടിയാൻ കടയ്ക്കാവൂർ പോലീസ് കസ്റ്റഡിയിൽ ഉണ്ടെന്ന് വിവരം ലഭിച്ചു. സ്റ്റേഷനിലെത്തി ചോദ്യം ചെയ്ത അന്വേഷണ സംഘത്തോട് മണികണ്ഠൻ കുറ്റം സമ്മതിക്കുകയും ടി കുറ്റകൃത്യത്തെപ്പറ്റി വിവരണം നൽകുകയും ചെയ്തു.

3 ആഴ്ച മുമ്പ് വൈകുന്നേരം മദ്യം വാങ്ങി വെള്ളവും അച്ചാറും മറ്റും വാങ്ങുന്നതിനായി പൂവൻപാറയിലുള്ള കടയിലെത്തിയ മണികണ്ഠനും സുഹൃത്ത് അശോകനും, മനുവിനോടും സുഹൃത്തിനോടും തർക്കത്തിൽ ഏർപ്പെടുകയും മനുവും സുഹൃത്ത് വിഷ്ണുവും ചേർന്ന് അവരെ മർദ്ദിക്കുകയും ചെയ്തതായിരുന്നു വിരോധ കാരണം.

സംഭവത്തിന്റെ പിറ്റേദിവസം മുതൽ മനുവിനേയോ സുഹൃത്തിനേയോ കണ്ടാൽ ആക്രമിക്കുവാൻ കത്തിയുമായാണ് മണികണ്ഠൻ നടന്നിരുന്നത്. ഒരാഴ്ചയോളം ജോലിക്ക് പോകാതെ മനുവിന്റെ വീടിന് സമീപവും പോകുന്ന ഇടങ്ങളിലും, അവസരത്തിനായി കാത്തിരുന്നു. 06.12.2016 തീയതി സുഹൃത്തുക്കളോടൊപ്പം സംസാരിച്ചിരുന്ന ശേഷം വീട്ടിലേക്ക് രാത്രി 09.30 മണിയോടെ ബൈക്കിലെത്തിയ മനുവിനെ ടിയാന്റെ ഭാര്യവീടിന്റെ പിൻവശം മതിലിനോട് ചേർന്ന് പതുങ്ങിയിരുന്ന പ്രതി, മനു ബൈക്ക് നിറുത്തിയ സമയത്ത് പിന്നിൽ നിന്ന് കുത്തുകയായിരുന്നു. ഉടൻ തന്നെ പ്രതി താഴെ വയലുവാരം വഴി ഓടി രക്ഷപ്പെടുകയായിരുന്നു. ബൈക്ക് വീഴുന്ന ശബ്ദം കേട്ട് ഇറങ്ങി വന്ന ഭാര്യയും ബന്ധുക്കളും ചേർന്ന് മനുവിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

തെളിവുകൾ യാതൊന്നും അവശേഷിപ്പിക്കാതെയും, സാക്ഷികൾ ആരുമില്ലാതെയും, രാത്രിയിൽ നടന്ന കൊലപാതകം പോലീസിന്റെ അവസരോജിതമായ അന്വേഷണത്തിൽ ഒരുപക്ഷേ അപകടമരണമായി എഴുതി തള്ളുമായിരുന്ന ഈ സംഭവം കൃത്യമായും, ചിട്ടയോട് കൂടിയതുമായ ശാസ്ത്രീയ അന്വേഷണത്തിലൂടെ പോലീസ് പ്രതിയെ കണ്ടെത്തുകയായിരുന്നു.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.ഷെഫീൻ അഹമ്മദ്.കെ.I.P.S, ആറ്റിങ്ങൽ ASP ശ്രീ.ആർ.ആദിത്യ.I.P.S, DySP-മാരായ ശ്രീ.അനിൽകുമാർ, തിരുവനന്തപുരം റൂറൽ ഷാഡോയുടെ ചാർജ്ജുള്ള ശ്രീ.സുരേഷ് കുമാർ, സർക്കിൾ ഇൻസ്പെക്ടർമാരായ ശ്രീ.ജി.സുനിൽ കുമാർ (ആറ്റിങ്ങൽ), ശ്രീ.എം.അനിൽ കുമാർ (നെടുമങ്ങാട്), ശ്രീ.എസ്.ഷാജി (പോത്തൻകോട്), ശ്രീ.ജി.ബി.മുകേഷ് (കടയ്ക്കാവൂർ), SI-മാരായ ശ്രീ.വി.എസ്.പ്രശാന്ത് (ആറ്റിങ്ങൽ), തിരുവനന്തപുരം റൂറൽ ഷാഡോ SI-മാരായ ശ്രീ.സിജു.കെ.എൽ.നായർ, ശ്രീ.തൻസിം അബ്ദുൽ സമദ്, അനിൽ കുമാർ, പ്രസാദ് ചന്ദ്രൻ, ശ്രീകുമാർ, പോലീസ് ഉദ്യോഗസ്ഥരായ ഫിറോസ്, ദിലീപ്, ബിജുകുമാർ, ബിജു ഹക്ക്, ജ്യോതിഷ്.വി.വി, റിയാസ്, സുൽഫി, കൃഷ്ണലാൽ, അജിത്ത്, ഹെർബർട്ട്, വനിതാ പോലീസ് ഉദ്യോഗസ്ഥയായ ശ്രീലത എന്നിവരടങ്ങിയ സംഘമാണ് ടി കേസ് അന്വേഷിച്ചത്.